പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 328 | 28/05/2019 ൽ മറുപടി നല്കേണ്ടത്. |

## തട്ടുകടകളിലെ ഭക്ഷണത്തിന്റെ ഗുണനിലവാരം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.സുരേഷ് കുറുപ്പ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | തട്ടുകടകളിലെ ഭക്ഷണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ഇവയുടെ പ്രവർത്തനം ഉപഭോക്തൃ സൗഹൃദമാക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; | എ) | തട്ടുകടകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായുളള പരിശോധനകൾ ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിവരുന്നുണ്ട്. തട്ടുകടകളിൽ പ്രവർത്തിക്കുന്നവർക്ക് വ്യക്തിശുചിത്വവും നിലവാരവും ഉയർത്തുന്നതിന് Food Safety Training and Certification (FoSTaC) പരിശീലനം ലഭ്യമാക്കുന്നതിനുളള പരിശ്രമങ്ങളും നടന്നു വരുന്നു. കൂടാതെ കേരള സംസ്ഥാനത്ത് Clean Street Food Hub എന്ന ആശയത്തെ മുൻനിർത്തി ഫുഡ് കോർട്ടുകൾ നടപ്പിൽ വരുത്തുന്നതിനുളള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | **ഈ വിഷയത്തിൽ ഭക്ഷ്യ സുരക്ഷ വകുപ്പ് പരിശോധനയും ബോധവത്കരണ** പ്രവർത്തനങ്ങളും സംഘടിപ്പിക്കുമോ എന്ന് വ്യക്തമാക്കുമോ? | ബി) | തട്ടുകടകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് നിരന്തരം പരിശോധനകൾ നടത്തുന്നുണ്ട്. എല്ലാ മാസവും മൂന്ന് ദിവസം വൈകുന്നേരം 4.00 മണി മുതൽ രാത്രി 9.00 മണിവരെ എല്ലാ ജില്ലകളിലും സ്ഥിരം പരിശോധനകളും നടത്തിവരുന്നുണ്ട്. കൂടാതെ വഴിയോര കച്ചവടം നവീകരിക്കുകയും അതുവഴി സുരക്ഷിതമായ ആഹാരം പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നതിനുവേണ്ടി വഴിയോര കച്ചവടക്കാർക്ക് ഭക്ഷ്യസുരക്ഷയുടെ ആവശ്യകതയെക്കുറിച്ച് ബോധവൽകരണ ക്ലാസുകൾ ഉൾപ്പടെ സംഘടിപ്പിച്ചുവരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ